# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : * 505

02.07.2013ൽ
മറുപടിക്ക്.

### പുതിയ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ

**ചോദ്യം**

ശ്രീ. ആർ. രാജേഷ്
ശ്രീ. എ. പ്രദീപ്കുമാർ
ശ്രീ. ബി. ഡി. ദേവസ്സി
ശ്രീ. ബി. സത്യൻ

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)

എ) സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനം നിക്ഷേപ സൗഹൃദ സംസ്ഥാനമായി തുടരുന്നതിനും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ത്വരിതപ്പെടുത്തുന്നതിനായി കെ.എസ്.ഐ.ഡി.സി. അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകുകയും കൂടാതെ കുറഞ്ഞ പലിശനിരക്കിൽ വായ്പാ സൗകര്യം, വൻകിട പദ്ധതികൾക്ക് ഓഹരി മൂലധന നിക്ഷേപം തുടങ്ങിയവ നൽകി വരുന്നുണ്ട്.

കൂടാതെ സംസ്ഥാനത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് സർക്കാർ തലത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ ഭാഗമായിട്ടാണ് എമർജിങ്ങ് കേരള എന്ന പേരിൽ ഒരു നിക്ഷേപക സംഗമം 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ വച്ച് നടത്തിയത്. വികസനാധിഷ്ഠിതവും, നിക്ഷേപ സൗഹൃദ പരവുമായ അന്തരീക്ഷത്തിലൂടെ സംസ്ഥാനത്തെ നിക്ഷേപ സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയെന്നതും, കേരളത്തിലെ വ്യവസായ സാദ്ധ്യതകൾ ലോകത്തിനു മുമ്പാകെ അവതരിപ്പിക്കുക വഴി ദീർഘകാല അടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മ പരിപാടികൾ സംഘടിപ്പിക്കുക എന്നതും എമെർജിങ്ങ് കേരളയിലൂടെ ലക്ഷ്യമിട്ടിരുന്നു.

സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.
2. സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം

ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു.

3. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെയും ഗ്രീൻ ചാനൽ കൗണ്ടറിലൂടെയും നൽകി വരുന്നു.
4. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായം നൽകി വരുന്നു. വ്യവസായ സംരംഭങ്ങളിൽ ആൻസിലറി ഉൽപന്നങ്ങളുടെ ഉൽപാദനത്തിന് ആവശ്യമായ പ്രോത്സാഹന സഹായങ്ങളും നൽകി വരുന്നു.

കൂടാതെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി പുതിയ പദ്ധതി (നിലവിലുണ്ടായിരുന്ന 9 പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട്) സംരംഭകത്വ സഹായ പദ്ധതി 01.04.2012 മുതൽ നടപ്പിലാക്കുകയുണ്ടായി.

വ്യത്യസ്ത പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള സങ്കീർണ്ണതകൾ ഒഴിവാക്കി സംരംഭകന് ലളിതമായ നടപടി ക്രമങ്ങളിലൂടെ പരമാവധി സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി കിൻഫ്ര സ്വകാര്യ നിക്ഷേപങ്ങൾ ആകർഷിച്ച് വരുന്നു.

ബി) ഈ ആവശ്യത്തിന് വേണ്ടി കഴിഞ്ഞ രണ്ടു വർഷമായി എന്തു തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ;

ബി) കെ.എസ്.ഐ.ഡി.സി. വഴി നിക്ഷേപ പ്രോത്സാഹന പരിപാടികൾക്കായി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ 18.26 കോടി രൂപയും, ഏകജാലക സംവിധാനത്തിനായി 50 ലക്ഷം രൂപയും വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിനായി ബിസിനസ് ഇൻകുബേറ്ററുകൾ സ്ഥാപിക്കുന്നതിന് 11.35 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

"ഇ.എസ്.എസ്" പദ്ധതി പ്രകാരം 2012-13 വർഷത്തിൽ 21,29,54,973/- രൂപ വ്യവസായ വാണിജ്യ ഡയറക്ടേറ്റ് വഴി ചെലവഴിച്ചു.

സി) ഒരു വർഷത്തിനിടെ രണ്ടു പ്രാവശ്യം വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചതുമൂലം സംസ്ഥാനത്തെ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ;

സി) ഉണ്ട്.

ഡി) ഇത് പരിഹരിക്കുന്നതിന് വ്യവസായ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള സഹായം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

ഡി) വൈദ്യുതി പ്രതിസന്ധിമൂലമുള്ള നഷ്ടം നികത്തുവാൻ മറ്റുള്ള ഉൽപ്പാദനചെലവുകൾ പരമാവധി കുറക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുവാൻ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സൗരോർജ്ജം ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുതി പദ്ധതികൾ നടപ്പിലാക്കുക മുഖേന ഈ പ്രതികൂല സാഹചര്യത്തെ മറികടക്കുവാൻ നടപടികൾ എടുത്തു വരുന്നു.

ഇ) ഉൽപാദന ചെലവിലെ വർദ്ധനവ് പരിഗണിച്ച് സർക്കാർ സഹായങ്ങൾ നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് വ്യവസായ സ്ഥാപനങ്ങളുടെ ഏതെല്ലാം സംഘടനകൾ നിവേദനം സമർപ്പിച്ചിരുന്നു;

ഇ) KSSIA (Kerala State Small Industries Association) 09.04.2013 ന് വ്യവസായ വാണിജ്യ ഡയറക്ട്രേറ്റിൽ ഒരു നിവേദനം സമർപ്പിച്ചിരുന്നു.

എഫ്) ഈ നിവേദനത്തിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു എന്നും അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

എഫ്) ഈ നിവേദനത്തിലെ ആവശ്യങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. Allotment of Grant to KSSIA social Security Fund
2. Price Preference to SSI Units
3. Sanction of Pattayam/Title Deeds to SSI Units in Industrial Estates
4. Implementation of Single Window System
5. Infrastructure Facilities to SSI Sector
6. Store Purchase Registration
7. Simplification of VAT Rules and Procedures
8. Inclusion of more Banks to facilitate E-Payment
9. Harassment at Check posts
10. Ratification of VAT
11. Reinstatement of Minimum Guarantee Scheme
12. Reconstitution of various Committees
13. Entrepreneur Support Scheme Sanctioned – Non inclusion of project
14. Local Bodies Municipality/Town Planning
15. Allotment of Land to Footwear Design and Development Institute (FDDI) Kozhikode

16. Electricity
17. Labour/Factories and Boilers
18. Non IBR Boilers

ഈ വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ